012760

കേരളാ സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ അനുമതി നൽകിയ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(ആർ.ടി.) നമ്പർ.281/2011/വനം തീയതി.23.06.2011. തിരുവനന്തപുരം,

---

പരാമർശം : 1) 1.2.2011 ലെ സ.ഉ.(സാധാ) 04/2011/വനം നമ്പർ ഉത്തരവ്

2) 3.5.2011 ൽ ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് പരാമർശം (1) പ്രകാരമുള്ള കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട്.

3) 17.6.2011 ലെ സ.ഉ. (സാധാ) നം. 265/2011/വനം നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നിയെ മേൽ പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിലെ നിബന്ധനകൾക്ക് വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിട്ടുള്ള കൃഷിക്കാർക്ക് വെടിവച്ചുകൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നിബന്ധനകളെ സംബന്ധിച്ചും ഈ നടപടിക്ക് കൈക്കൊള്ളേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും കൂടുതൽ വ്യക്തത നൽകുന്നതിനായി പരാമർശം മൂന്നിലെ ഉത്തരവ് താഴെപ്പറയുന്ന പ്രകാരം വിശദീകരിക്കുന്നു.

കൃഷിനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് :

1. നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ /അസ്സി. വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ച് കൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിന്റെ സ്ഥാനം, വിളകൾക്കുണ്ടായ നാശനഷ്ടം, ആക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.

2. ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ /അസ്സി. വൈൽഡ് ലൈഫ് വാർഡ, വനസംരക്ഷണസമിതി പ്രസിഡന്റ് / എക്കോഡവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ് / ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി

ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ കാരണസഹിതം അപേക്ഷകന് മൂന്ന് ദിവസത്തിനകം മറുപടി നൽകേണ്ടതാണ്.

3. കാട്ടുപന്നിയെ വെടിവെച്ച് കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4. വെടിവെച്ച് കൊല്ലുന്ന പന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

6. ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ. യും, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റ് പ്രസിഡന്റിനെയും കർഷകസംഘടനാ പ്രതിനിധികളെയും, തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി പന്നികളെ വെടിവെച്ച് കൊല്ലാനുള്ള ഉത്തരവ് നടപ്പാക്കിക്കഴിഞ്ഞാൽ, ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതു താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

1. കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലാൻ അനുവാദം നൽകുന്നതല്ല.

2. മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.
3. അംഗീകൃത പട്ടികവർഗ്ഗ കോളനികളിൽ ഒഴികെ മറ്റ് വനപ്രദേശങ്ങളിൽ യാതൊരുകാരണവശാലും കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

4. സർക്കാർ ചെലവിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചതോ സോളാർ ഫെൻസിങ് സ്ഥാപിച്ചതോ, കൽകെട്ടുകൾ ഉണ്ടാക്കി സംരക്ഷിച്ചിട്ടുള്ളതോ ആയ കൃഷിയിടങ്ങളിൽ കാട്ടുപന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടില്ല.
5. ഒരു കാട്ടു പന്നിയെ ഇപ്രകാരം വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരുകാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.

ഈക്കാര്യത്തിനായി വനം വകുപ്പിലെ റെയിഞ്ച് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് അധികാരം കൈമാറി കൊടുക്കുന്നതിനുള്ള നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ ഇതു സംബന്ധിച്ച് സമയബന്ധിതമായി പുന:പരിശോധന നടത്തി റിപ്പോർട്ട് വന്യജീവി വിഭാഗം മുഖ്യവനപാലകന് സമർപ്പിക്കേണ്ടതുമാണ്. ഒരു വർഷത്തേക്ക് പരീക്ഷണാടിസ്ഥാനത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

പരാമർശം മൂന്നിലെ ഉത്തരവ് മേൽ പ്രതിപാദിച്ചപ്രകാരം വിശദീകരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സാജൻ പീറ്റർ**

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ,
തിരുവനന്തപുരം.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം(അറിവിലേയ്ക്കായി)

ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്(മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും
പ്രസിദ്ധീകരിക്കുന്നതിന്

അക്കൗണ്ടന്റ് ജനറൽ (എ& ഇ / ആഡിറ്റ്) , കേരള, തിരുവനന്തപുരം

പൊതുഭരണ(എസ്.സി)വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് കോപ്പി

പകർപ്പ്:-വനം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

12760 | 0/2 | 11 | I & PR

I & PR (A) Dept

May be transferred to DD, ~~I&PR~~ of Web & New Media for necessary action

DD, Web & New Media.

Kumari Padma V.R
Section Officer

25/6/11

For necessary Action
IO (W&NM)

27/6